©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| വാല്യം 13 Vol. XIII | തിരുവനന്തപുരം, തിങ്കൾ Thiruvananthapuram, Monday | 2024 ജൂലൈ 01 01st July 2024 1199 മിഥുനം 17 17th Mithunam 1199 1946 ആഷാഢം 10 10th Ashadha 1946 | നമ്പർ No. | 2089 |
|---|---|---|---|---|

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

നോട്ടീസ്

ഫാറം–VI

[ചട്ടം 22(2) കാണുക]

2016–ലെ കേരള നഗര–ഗ്രാമാസൂത്രണ ആക്ട് (2016–ലെ 9) 36–ാം വകുപ്പ് 8–ാം ഉപവകുപ്പ് പ്രകാരം മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയ വസ്തുത അറിയിക്കുന്ന നോട്ടീസ്

റഫ. നം തസ്വഭവ–ആർ.ഡി2/39/2024–തസ്വഭവ. തീയതി, തിരുവനന്തപുരം, *2024 ജൂൺ, 22.*

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിനായി കൊച്ചി മുനിസിപ്പൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോർപ്പറേഷൻ പരിഷ്ക്കരണങ്ങളോടു കൂടി സ്വീകരിച്ച മാസ്റ്റർപ്ലാൻ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016 -ലെ 9) 36-ാം വകുപ്പ് (8) -ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ)നം. 54/2024/തസ്വഭവ. തീയതി 22.05.2024 പ്രകാരം സർക്കാർ അംഗീകരിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : മുളവുകാട് ഗ്രാമപഞ്ചായത്ത്, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്, കടമക്കുടി ഗ്രാമപഞ്ചായത്ത്, ഏലൂർ മുനിസിപ്പാലിറ്റി

കിഴക്ക് : കളമശ്ശേരി മുനിസിപ്പാലിറ്റി, തൃക്കാക്കര മുനിസിപ്പാലിറ്റി, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി

തെക്ക് : മരട് മുനിസിപ്പാലിറ്റി, കുമ്പളം ഗ്രാമപഞ്ചായത്ത്, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്, ചെല്ലാനം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ് : ലക്ഷദ്വീപ് കടൽ.

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ

(1) ഡി.ടി.പി. സ്കീം ഫോർ എം.ജി. റോഡ് പാർട്ട് – I

(2) ഡി.ടി.പി. സ്കീം ഫോർ എം.ജി. റോഡ് പാർട്ട് – II

(3) ഡി.ടി.പി. സ്കീം ഫോർ എളംകുളം വെസ്റ്റ്

(4) ഡി.ടി.പി. സ്കീം ഫോർ എറണാകുളം ഫോർഷോർ ഏരിയ (കൊച്ചിൻ മറൈൻ ഡ്രൈവ് സ്കീം പ്രോജക്റ്റ്)

(5) ഡി.ടി.പി. സ്കീം ഫോർ കലൂർ ഏരിയ

(6) ഡി.ടി.പി. സ്കീം ഫോർ തേവര പേരണ്ടൂർ കനാൽ ഏരിയ പാർട്ട് – I

(7) ഡി.ടി.പി. സ്കീം ഫോർ തേവര പേരണ്ടൂർ കനാൽ ഏരിയ പാർട്ട് – II ആന്റ് III

(8) ഡി.ടി.പി. സ്കീം ഫോർ എളംകുളം നോർത്ത് ഏരിയ

(9) ഡി.ടി.പി. സ്കീം ഫോർ രാമേശ്വരം വെസ്റ്റ് ഏരിയ

(10) ഡി.ടി.പി. സ്കീം ഫോർ കമേർഷ്യൽ സെന്റർ എറണാകുളം സൗത്ത്

(11) ഡി.ടി.പി. സ്കീം ഫോർ എളംകുളം റോഡ്

(12) ഡി.ടി.പി. സ്കീം ഫോർ എളംകുളം വെസ്റ്റ് (എക്സ്റ്റൻഷൻ)

(13) ഡി.ടി.പി. സ്കീം ഫോർ മട്ടാഞ്ചേരി ഫോർഷോർ ഏരിയ

(14) ഡി.ടി.പി. സ്കീം ഫോർ പേരണ്ടൂർ റോഡ്

(15) ഡി.ടി.പി. സ്കീം ഫോർ കടവന്ത്ര റോഡ്

(16) ഡി.ടി.പി. സ്കീം ഫോർ വിസിനിറ്റി ഏരിയ ഓഫ് കൊച്ചിൻ ഷിപ്പിയാർഡ് പാർട്ട് – I

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(17) ഡി.ടി.പി. സ്കീം ഫോർ എറണാകുളം സ്റ്റേഡിയം ബസ് സ്റ്റാന്റ് കോംപ്ലക്സ്

(18) ഡി.ടി.പി. സ്കീം ഫോർ ദി പ്ലേസ് ബിറ്റ്വിൻ സൗത്ത് ഓവർ ബ്രിഡ്ജ് ആന്റ് ചർച്ച് ലാൻഡ്ങ് റോഡ് പാർട്ട് I & II

(19) ഡി.ടി.പി. സ്കീം ഫോർ എറണാകുളം സൗത്ത് (ജംഗ്ഷൻ) റെയിൽവേ സ്റ്റേഷൻ ഏരിയ

(20) ഡി.ടി.പി. സ്കീം ഫോർ കലൂർ പാലാരിവട്ടം റോഡ്

(21) ഡി.ടി.പി. സ്കീം ഫോർ എളംകുളം ഈസ്റ്റ്

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ

സർക്കാർ അംഗീകരിച്ച Structure Plan for Central City, Kochi ഉള്ളതിനാൽ നിലവിലുള്ള പ്രസിദ്ധീകരിച്ച വിശദനഗരാസൂത്രണ പദ്ധതികൾ ടി പ്രദേശത്ത് ബാധകമല്ല.

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കിയ വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക

(1) ഡി.ടി.പി. സ്കീം ഫോർ എം.ജി. റോഡ് പാർട്ട് – I

(2) ഡി.ടി.പി. സ്കീം ഫോർ എം.ജി. റോഡ് പാർട്ട് – II

(3) ഡി.ടി.പി. സ്കീം ഫോർ കലൂർ ഏരിയ

(4) ഡി.ടി.പി. സ്കീം ഫോർ തേവര പേരണ്ടൂർ കനാൽ ഏരിയ പാർട്ട് – I

(5) ഡി.ടി.പി. സ്കീം ഫോർ തേവര പേരണ്ടൂർ കനാൽ ഏരിയ പാർട്ട് – II ആന്റ് III

(6) ഡി.ടി.പി. സ്കീം ഫോർ എളംകുളം നോർത്ത് ഏരിയ

(7) ഡി.ടി.പി. സ്കീം ഫോർ രാമേശ്വരം വെസ്റ്റ് ഏരിയ

(8) ഡി.ടി.പി. സ്കീം ഫോർ എളംകുളം റോഡ്

(9) ഡി.ടി.പി. സ്കീം ഫോർ കമേർഷ്യൽ സെന്റർ എറണാകുളം സൗത്ത്

(10) ഡി.ടി.പി. സ്കീം ഫോർ എളംകുളം വെസ്റ്റ് (എക്സ്റ്റെൻഷൻ)

(11) ഡി.ടി.പി. സ്കീം ഫോർ പേരണ്ടൂർ റോഡ്

(12) ഡി.ടി.പി. സ്കീം ഫോർ കടവന്ത്ര റോഡ്

(13) ഡി.ടി.പി. സ്കീം ഫോർ വിസിനിറ്റി ഏരിയ ഓഫ് കൊച്ചിൻ ഷിപ്പിയാർഡ് പാർട്ട് – I

(14) ഡി.ടി.പി. സ്കീം ഫോർ എറണാകുളം സ്റ്റേഡിയം ബസ് സ്റ്റാന്റ് കോംപ്ലക്സ്

(15) ഡി.ടി.പി. സ്കീം ഫോർ ദി പ്ലേസ് ബിറ്റ്വിൻ സൗത്ത് ഓവർ ബ്രിഡ്ജ് ആന്റ് ചർച്ച് ലാൻഡിങ് റോഡ് പാർട്ട് I & II

(16) ഡി.ടി.പി. സ്കീം ഫോർ എറണാകുളം സൗത്ത് (ജംഗ്ഷൻ) റെയിൽവേ സ്റ്റേഷൻ ഏരിയ

(17) ഡി.ടി.പി. സ്കീം ഫോർ കലൂർ പാലാരിവട്ടം റോഡ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(18) ഡി.ടി.പി. സ്കീം ഫോർ എളംകുളം ഈസ്റ്റ്

(19) ഡി.ടി.പി. സ്കീം ഫോർ മട്ടാഞ്ചേരി ഫോർഷോർ ഏരിയ

വിശദ നഗരാസൂത്രണ പദ്ധതികളുടെ വിഭാവിത കാലാവധി പൂർത്തിയായിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടുള്ളതാണ്. ടി സ്കീമുകളിലെ പ്രസക്തമായതും നിലനിർത്തേണ്ടതുമായ പദ്ധതികൾ ഇപ്പോൾ കൊച്ചി കോർപ്പറേഷൻ ഏരിയയ്ക്കു വേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിലെ പദ്ധതികളുമായി സംയോജിപ്പിച്ച് പരിഗണിച്ചിട്ടുള്ളതാണ്. ബാക്കിയുള്ള പദ്ധതികൾ നിലവിലെ സാഹചര്യത്തിൽ അപ്രസക്തമായതിനാൽ നിലനിർത്തേണ്ട സാഹചര്യം ഇല്ലാത്തതാണ്. ആയതിനാൽ മേൽ പ്രതിപാദിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ ഈ മാസ്റ്റർ പ്ലാനിലൂടെ റദ്ദു ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു.

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

1. ഡി.ടി.പി. സ്കീം ഫോർ എളംകുളം വെസ്റ്റ്
2. ഡി.ടി.പി. സ്കീം ഫോർ എറണാകുളം ഫോർഷോർ ഏരിയ (കൊച്ചിൻ മറൈൻ ഡ്രൈവ് സ്കീം പ്രോജക്റ്റ്)

2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിലെ 36-ാം വകുപ്പ് (10)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും, വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ, ഭൂവിനിയോഗത്തിനു മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

ഡോ.ഷർമിള മേരി ജോസഫ്

*പ്രിൻസിപ്പൽ സെക്രട്ടറി*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.07.01 07:14:34 +05:30